| 11-06-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ- ഇപ്പോൾ നിങ്ങൾക്ക് സമ്പൂർണ്ണമായി മാറണം എന്തുകൊണ്ടെന്നാൽ തിരിച്ച് വീട്ടിലേയ്ക്ക് പോകണം പിന്നീട് പാവനലോകത്തിലേയ്ക്ക് വരണം.**

**ചോദ്യം:-** സമ്പൂർണ്ണ പാവനമായി മാറുന്നതിനുള്ള യുക്തി എന്താണ്?
**ഉത്തരം:-** സമ്പൂർണ്ണ പാവനമായി മാറണമെങ്കിൽ പൂർണ്ണമായും യാചകനാകൂ, ദേഹസഹിതം എല്ലാ സംബന്ധങ്ങളേയും മറക്കൂ ഒപ്പം എന്നെ ഓർമ്മിക്കൂ അപ്പോൾ പാവനമായി മാറും. ഇപ്പോൾ നിങ്ങൾ ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതെല്ലാം നശിക്കാനുള്ളതാണ് അതിനാൽ ധനം, സമ്പത്ത്, വൈഭവങ്ങൾ എല്ലാറ്റിനേയും മറന്ന് യാചകനായി മാറൂ. ഇങ്ങനെയുള്ള യാചകർ തന്നെയാണ് രാജകുമാരനായി മാറുന്നത്.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികളെപ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരികയാണ്. കുട്ടികൾ ഇത് നല്ലരീതിയിൽ മനസ്സിലാക്കുന്നുണ്ടാകും അതായത് ആരംഭത്തിൽ ആത്മാക്കൾ എല്ലാവരും പവിത്രമായിരിക്കും. നമ്മൾ തന്നെയായിരുന്നു പാവനമായിരുന്നത്, പതിതം, പാവനം എന്ന് ആത്മാവിനെത്തന്നെയാണ് പറയുന്നത്. ആത്മാവ് പാവനമാണെങ്കിൽ സുഖമുണ്ടാകും. ബുദ്ധിയിൽ വരുന്നുണ്ട് നമ്മൾ പാവനമായി മാറിയാൽ പാവനലോകത്തിന്റെ അധികാരിയായി മാറും. ഇതിനുവേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. 5000 വർഷങ്ങൾക്കുമുമ്പ് പാവനലോകമുണ്ടായിരുന്നു. അവിടെ അരകല്പം നിങ്ങൾ പാവനമായിരുന്നു, ബാക്കിയുള്ളത് അരകല്പമാണ്. ഈ കാര്യങ്ങൾ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾക്ക് അറിയാം പതിതവും പാവനവും, സുഖവും ദുഃഖവും, പകലും രാത്രിയും പകുതി പകുതിയാണ്. ആരാണോ നല്ല വിവേകശാലികൾ, വളരെ ഭക്തി ചെയ്തവർ അവരാണ് വളരെ നല്ലരീതിയിൽ മനസ്സിലാക്കുന്നത്. ബാബ പറയുന്നു- മധുരമായ കുട്ടികളേ, നിങ്ങൾ പാവനമായിരുന്നു. പുതിയ ലോകത്തിൽ നിങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവിടെയുള്ള ബാക്കി എല്ലാവരും ശാന്തിധാമത്തിലായിരുന്നു. ആദ്യമാദ്യം നമ്മൾ പാവനമായിരുന്നു മാത്രമല്ല വളരെ കുറച്ചുപേരേ ഉണ്ടായിരുന്നുള്ളു പിന്നീട് നമ്പർ അനുസരിച്ച് മനുഷ്യസൃഷ്ടി വൃദ്ധി പ്രാപിക്കുന്നു. ഇപ്പോൾ നിങ്ങൾ മധുരമായ കുട്ടികൾക്ക് ആരാണ് മനസ്സിലാക്കിത്തരുന്നത്? ബാബ. ആത്മാക്കൾക്ക് പരമാത്മാവായ ബാബ മനസ്സിലാക്കിത്തരുകയാണ്, ഇതിനെയാണ് സംഗമം എന്ന് പറയുന്നത്. ഇതിനെത്തന്നെയാണ് കുംഭം എന്നും പറയുന്നത്. മനുഷ്യൻ ഈ സംഗമയുഗത്തെ മറന്നിരിക്കുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് 4 യുഗങ്ങളുണ്ട്, അഞ്ചാമത് ഈ ചെറിയ അധിക യുഗമായ സംഗമയുഗമാണ്. ഇതിന്റെ ആയുസ്സ് കുറവാണ്. ബാബ പറയുന്നു ഞാൻ ഇവരുടെ വളരെ ജന്മങ്ങളുടെ അന്തിമ ജന്മത്തിലെ വാനപ്രസ്ഥ അവസ്ഥയിലാണ് ഇവരിൽ പ്രവേശിക്കുന്നത്. കുട്ടികൾക്ക് ഇത് സൽക്കാരമാണല്ലോ. ബാബ ഇവരിൽ പ്രവേശിച്ചിട്ടുണ്ട്, ഇവരുടെ ജീവിതകഥയും കേൾപ്പിച്ചിട്ടുണ്ട്. ബാബ പറയുന്നു ഞാൻ ആത്മാക്കളോടുതന്നെയാണ് സംസാരിക്കുന്നത്. ആത്മാവും ശരീരവും രണ്ടും ഒരുമിച്ച് പാർട്ട് നടക്കുന്നു. ഇതിനെയാണ് ജീവാത്മാവ് എന്ന് പറയുന്നത്. പവിത്ര ജീവാത്മാവും അപവിത്ര ജീവാത്മാവും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് സത്യയുഗത്തിൽ കുറച്ച് ദേവീ ദേവതകളേ ഉണ്ടാകൂ. പിന്നീട് തന്നെക്കുറിച്ച് പറയും നമ്മൾ ജീവാത്മാക്കൾ സത്യയുഗത്തിൽ പാവനമായിരുന്നു നമ്മൾ തന്നെ പിന്നീട് 84 ജന്മങ്ങൾക്കുശേഷം പതിതമായി മാറി. പതിതത്തിൽ നിന്നും പാവനം, പാവനത്തിൽ നിന്നും പതിതം- ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഓർമ്മിക്കുന്നതും പതിതപാവനനായ ആ ബാബയെത്തന്നെയാണ്. അതിനാൽ ഓരോ 5000 വർഷങ്ങൾക്കും ശേഷം ബാബ ഒരു തവണ മാത്രമാണ് വരുന്നത്, വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. ഭഗവാൻ ഒന്നേയുള്ളു, അതിനാൽ തീർച്ചയായും ഭഗവാൻ തന്നെ പഴയ ലോകത്തെ പുതിയതാക്കി മാറ്റും. പിന്നീട് പുതിയതിനെ പഴയതാക്കി മാറ്റുന്നത് ആരാണ്? രാവണൻ, എന്തുകൊണ്ടെന്നാൽ രാവണനാണ് ദേഹാഭിമാനിയാക്കി മാറ്റുന്നത്. ശത്രുവിനെയാണ് കത്തിക്കുന്നത്, മിത്രത്തെ കത്തിക്കാറില്ല. സർവ്വരുടേയും മിത്രം ഒരേയൊരു ബാബയാണ് കാരണം ബാബയാണ് സർവ്വരുടേയും സദ്ഗതി ചെയ്യുന്നത്. ബാബയെ എല്ലാവരും ഓർമ്മിക്കുന്നു എന്തുകൊണ്ടെന്നാൽ ബാബ സർവ്വർക്കും സുഖം നൽകുന്നവരാണ്. എങ്കിൽ തീർച്ചയായും ദുഃഖം നൽകാനും ഒരാൾ ഉണ്ടാകും. അതാണ് 5 വികാരങ്ങളാകുന്ന രാവണൻ. അരകല്പം രാമരാജ്യം, അരകല്പം രാവണ രാജ്യം. സ്വസ്തിക വരക്കാറില്ലേ. ഇതിന്റെ അർത്ഥവും ബാബ മനസ്സിലാക്കിത്തരുകയാണ്. ഇതിൽ പൂർണ്ണമായും നാല് ഭാഗങ്ങളുണ്ടാകും. അല്പം കുറവോ കൂടുതലോ ആവുകയില്ല. ഈ ഡ്രാമ വളരെ കൃത്യമാണ്. ചിലർ കരുതുന്നു ഈ നാടകത്തിൽ നിന്നും രക്ഷപ്പെടണം, ഇവിടെ വളരെ ദുഃഖമാണ് ഇതിലും നല്ലത് ജ്യോതി ജ്യോതിയിൽ ചെന്ന് ലയിക്കുന്നതാണ് അഥവാ ബ്രഹ്മത്തിൽപോയി ലയിക്കുന്നതാണ്. പക്ഷേ ആർക്കും പോകാൻ സാധിക്കില്ല. എന്തെല്ലാമാണ് ചിന്തിക്കുന്നത്. ഭക്തിമാർഗ്ഗത്തിൽ ഭിന്ന ഭിന്ന പ്രകാര

ത്തിലുള്ള പ്രയത്നങ്ങളും ചെയ്യുന്നു. സന്യാസി ശരീരം വിടുകയാണെങ്കിൽ അവർ സ്വർഗ്ഗത്തിലെത്തി അല്ലെങ്കിൽ വൈകുണ്ഠത്തിലെത്തി എന്ന് ഒരിയ്ക്കലും പറയില്ല. പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാണ് അവർ സ്വർഗ്ഗംപൂകി എന്നു പറയുന്നത്. ആത്മാക്കൾക്ക് സ്വർഗ്ഗത്തെ ഓർമ്മയുണ്ടല്ലോ. നിങ്ങൾക്കാണ് ഏറ്റവും കൂടുതൽ ഓർമ്മയുള്ളത്. നിങ്ങൾക്ക് ചരിത്രം ഭൂമിശാസ്ത്രം രണ്ടുമറിയാം, ബാക്കി ആർക്കും അറിയുകയുമില്ല. നിങ്ങൾക്കും അറിയില്ലായിരുന്നു. ബാബ ഇരുന്ന് കുട്ടികൾക്ക് മുഴുവൻ രഹസ്യങ്ങളും മനസ്സിലാക്കിത്തരുകയാണ്.

ഇത് മനുഷ്യ സൃഷ്ടിയുടെ വൃക്ഷമാണ്. വൃക്ഷത്തിന് തീർച്ചയായും ബീജവും ഉണ്ടാകും. പാവനലോകം എങ്ങനെയാണ് പതിതമായി മാറുന്നത് എന്ന് ബാബയാണ് മനസ്സിലാക്കിത്തരുന്നത്. പിന്നീട് ഞാൻ തന്നെയാണ് അതിനെ പാവനമാക്കി മാറ്റുന്നത്. പാവനലോകത്തെയാണ് സ്വർഗ്ഗം എന്ന് വിളിക്കുന്നത്. സ്വർഗ്ഗം കഴിഞ്ഞുപോയി ഇനി വീണ്ടും വരും അതിനാലാണ് പറയുന്നത് ലോകത്തിന്റെ ചരിത്രം ആവർത്തിക്കുന്നതാണ് അർത്ഥം ലോകം തന്നെയാണ് പഴയതിൽ നിന്നും പുതിയതും പുതിയതിൽ നിന്നും പഴയതുമായി മാറുന്നത്. ആവർത്തിക്കുക എന്നാൽ അർത്ഥം ഡ്രാമാ എന്നാണ്. ഡ്രാമ എന്ന വാക്ക് വളരെ നല്ലതാണ്, ശോഭിക്കുന്നതാണ്. ചക്രം അതേപോലെ ആവർത്തിക്കുന്നതാണ്, നാടകത്തെ അതേപോലെ എന്നു പറയാൻ കഴിയില്ല. അഥവാ ആർക്കെങ്കിലും അസുഖമാണെങ്കിൽ അവർ അവധി എടുക്കാറുണ്ട്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്– നമ്മൾ പൂജ്യ ദേവതകളായിരുന്നു പിന്നീട് പൂജാരിയായി മാറി. ബാബ വന്ന് എങ്ങനെയാണോ 5000 വർഷങ്ങൾക്കുമുമ്പ് പറഞ്ഞുതന്നത് അതുപോലെ പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനുള്ള യുക്തി പറഞ്ഞുതരികയാണ്. കുട്ടികളേ എന്നെ ഓർമ്മിക്കു എന്നു മാത്രം പറയുന്നു. ബാബ ആദ്യമാദ്യം നിങ്ങളെയാണ് ആത്മാഭിമാനിയാക്കി മാറ്റുന്നത്. ആദ്യമാദ്യം ഈ പാഠം പഠിപ്പിക്കുന്നു അതായത് കുട്ടികളേ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ. നിങ്ങളെ ഇത്രത്തോളം ഓർമ്മിക്കുന്നു, എന്നിട്ടും നിങ്ങൾ മറന്നുപോകുന്നു! ഡ്രാമയുടെ അന്ത്യമാകുന്നതുവരെ മറന്നുകൊണ്ടേയിരിക്കും. അന്തിമത്തിൽ എപ്പോൾ വിനാശത്തിന്റെ സമയം വരുന്നുവോ അപ്പോൾ പഠിപ്പ് പൂർത്തിയാകും പിന്നീട് നിങ്ങൾ ശരീരം ഉപേക്ഷിക്കും. സർപ്പവും ഒരു പഴയ ഉറ ഉപേക്ഷിച്ച് അടുത്തത് എടുക്കാറില്ലേ. അതിനാൽ ബാബയും മനസ്സിലാക്കിത്തരുകയാണ് നിങ്ങൾ ഇരിക്കുമ്പോഴും നടക്കുമ്പോഴും ആത്മാഭിമാനിയായി ഇരിക്കൂ. മുമ്പ് നിങ്ങൾക്ക് ദേഹാഭിമാനമുണ്ടായിരുന്നു. ഇപ്പോൾ ബാബ പറയുന്നു ആത്മാഭിമാനിയായി മാറൂ. ദേഹാഭിമാനത്തിൽ വരുന്നതിനാൽ 5 വികാരങ്ങൾ നിങ്ങളെ പിടികൂടുന്നു. ആത്മാഭിമാനിയാവുകയാണെങ്കിൽ ഒരു വികാരത്തിനും നിങ്ങളെ സ്പർശിക്കാൻ സാധിക്കില്ല. ദേഹീ അഭിമാനിയായി മാറി വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. ഈ സംഗമത്തിൽ ആത്മാക്കൾക്ക് പരമാത്മാവിന്റെ സ്നേഹം ലഭിക്കുന്നു. ഇതിനെ കല്ല്യാണകാരിയായ സംഗമയുഗം എന്നാണ് പറയുന്നത്, ഇവിടെയാണ് ബാബയും കുട്ടികളും വന്ന് കണ്ടുമുട്ടുന്നത്. നിങ്ങൾ ആത്മാക്കളും ശരീരത്തിലാണ്. ബാബയും ശരീരത്തിൽ വന്നാണ് നിങ്ങളിൽ ആത്മനിശ്ചയം ഉണ്ടാക്കുന്നത്. എല്ലാവരേയും തിരിച്ച് കൊണ്ടുപോകേണ്ട സമയമാകുമ്പോൾ ഒരു തവണ മാത്രമാണ് ബാബ വരുന്നത്. ഞാൻ നിങ്ങളെ എങ്ങനെ തിരികെക്കൊണ്ടുപോകും എന്നതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. നിങ്ങൾ പറയുന്നുണ്ട് ഞങ്ങൾ പതിതമാണ് അങ്ങ് പാവനമാണ്. അങ്ങ് വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ. ബാബ എങ്ങനെ പാവനമാക്കി മാറ്റും എന്നത് നിങ്ങൾക്ക് അറിയില്ലായിരുന്നു. ഏതുവരെ ആക്കി മാറ്റുന്നില്ലയോ അതുവരെ എന്ത് അറിയാനാണ്. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ആത്മാവ് ചെറിയ നക്ഷത്രമാണ്. ബാബയും ചെറിയ നക്ഷത്രമാണ്. പക്ഷേ ബാബ ജ്ഞാനസാഗരനും ശാന്തിയുടെ സാഗരനുമാണ്. നിങ്ങളെയും തനിക്കുസമാനമാക്കി മാറ്റുന്നു. ഈ ജ്ഞാനം നിങ്ങൾ കുട്ടികളിലുണ്ട് പിന്നീട് നിങ്ങൾ ഇത് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. പിന്നെ നിങ്ങൾ സത്യയുഗത്തിൽ എത്തുമ്പോൾ ഈ ജ്ഞാനം കേൾപ്പിക്കുമോ? ഇല്ല. ജ്ഞാനസാഗരനായ ബാബ ഒന്നേയുള്ളു ബാബ നിങ്ങളെ ഇപ്പോൾ പഠിപ്പിക്കുകയാണ്. എല്ലാവർക്കും ജീവിത കഥ ഉണ്ടാകുമല്ലോ. ബാബ അത് കേൾപ്പിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷേ നിങ്ങൾ മിനിറ്റിന് മിനിറ്റിന് മറന്നുപോകുന്നു, നിങ്ങളുടെ യുദ്ധം മായയുമായാണ്. ഞാൻ ബാബയെ ഓർമ്മിക്കുകയാണ് എന്ന് നിങ്ങൾ അനുഭവം ചെയ്യുന്നുണ്ട്, പിന്നീട് മറന്നുപോകുന്നു. ബാബ പറയുന്നു മായയാണ് നിങ്ങളുടെ ശത്രു അത് നിങ്ങളെ മറപ്പിക്കും അർത്ഥം ബാബയിൽ നിന്നും മുഖം തിരിപ്പിക്കും. നിങ്ങൾ കുട്ടികൾ ഒരു തവണയാണ് ബാബയുടെ സന്മുഖത്ത് വരുന്നത്. ബാബ ഒരു തവണയാണ് സമ്പത്ത് തരുന്നത്. പിന്നീട് ബാബയ്ക്ക് സന്മുഖത്ത് വരേണ്ട ആവശ്യമില്ല. പാപാത്മാവിൽ നിന്നും പുണ്യാത്മാവും സ്വർഗ്ഗത്തിന്റെ അധികാരിയുമാക്കി മാറ്റി. കഴിഞ്ഞു. പിന്നീട് വന്ന് എന്തുചെയ്യാനാണ്. നിങ്ങൾ എന്നെ വിളിച്ചു ഞാനും കൃത്യസമയത്ത് വന്നു. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ഞാൻ എന്റെ സമയമാകുമ്പോൾ വരും. ഇത് ആർക്കും അറിയില്ല. ശിവരാത്രി എന്തിനാണ് ആഘോഷിക്കുന്നത്, ശിവൻ എന്താണ് ചെയ്തത്? ഇത് ആർക്കും അറിയില്ല അതിനാൽ ശിവരാത്രിയ്ക്ക് അവധിപോലും നൽകുന്നില്ല. ബാക്കി എല്ലാവർക്കും

വേണ്ടി അവധി നൽകുന്നു എന്നാൽ ശിവബാബ വരുന്നു, ഇത്രയും പാർട്ട് അഭിനയിക്കുന്നു, എന്നിട്ടും ബാബയെ ആർക്കും അറിയില്ല. അർത്ഥം പോലും മനസ്സിലാക്കുന്നില്ല. ഭാരതത്തിൽ എത്ര അജ്ഞാനമാണ്.

നിങ്ങൾ കുട്ടികൾക്ക് അറിയാം ശിവബാബയാണ് ഉയർന്നതിലും ഉയർന്നത് എങ്കിൽ തീർച്ചയായും ബാബ മനുഷ്യനേയും ഉയർന്നതിലും ഉയർന്നതാക്കി മാറ്റും. ബാബ പറയുന്നു ഞാൻ ബ്രഹ്മാവിന് ജ്ഞാനം നൽകി, യോഗം പഠിപ്പിച്ചു പിന്നീട് ഇവർ നരനിൽ നിന്നും നാരായണനായി മാറി. അവർ ഈ ജ്ഞാനം കേട്ടിട്ടുണ്ട്. ഈ ജ്ഞാനം നിങ്ങൾക്കുള്ളതാണ്, മറ്റുള്ളവർക്ക് ഇത് ശോഭിക്കില്ല. നിങ്ങൾക്ക് വീണ്ടും ദേവതയാകണം, ബാക്കിയാരും ആകുന്നില്ല. ഇതാണ് നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള കഥ. ആരെല്ലാമാണോ മറ്റുധർമ്മങ്ങൾ സ്ഥാപിച്ചത് അവരെല്ലാം ഇപ്പോൾ പുനർജന്മങ്ങൾ എടുത്ത് തമോ പ്രധാനമായിരിക്കുന്നു പിന്നീട് അവർക്ക് എല്ലാവർക്കും സതോപ്രധാനമായി മാറണം. ആ പദവിയുടെ ആധാരത്തിൽ വീണ്ടും ആവർത്തിക്കണം. ഉയർന്ന പാർട്ടുധാരിയായി മാറാൻ നിങ്ങൾ എത്ര പുരുഷാർത്ഥം ചെയ്യുന്നു. ആരാണ് പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നത്? ബാബ. നിങ്ങൾ ശ്രേഷ്ഠരായി മാറുന്നു പിന്നീട് ഒരിയ്ക്കലും നിങ്ങൾ ഓർമ്മിക്കുകപോലുമില്ല. സ്വർഗ്ഗത്തിൽ ആരെങ്കിലും ഓർമ്മിക്കുമോ. ഉയർന്നതിലും ഉയർന്നത് ബാബയാണ്, പിന്നീട് ഉയർന്നതാക്കി മാറ്റുകയും ചെയ്യുന്നു. നാരായണനുമുമ്പ് ശ്രീകൃഷ്ണനാണ്. പിന്നീട് നിങ്ങൾ എന്തിനാണ് നരനിൽ നിന്നും നാരായണനായി മാറണം എന്ന് പറയുന്നത്? എന്തുകൊണ്ടാണ് നരനിൽ നിന്നും കൃഷ്ണനാകണം എന്ന് പറയാത്തത്? ആദ്യം നാരായണനായാണോ മാറുന്നത്? ആദ്യം രാജകുമാരനായ ശ്രീ കൃഷ്ണനായി മാറും! കുട്ടികൾ പുഷ്പമാണ് അവർ പിന്നീട് യുഗൾ ആകുന്നു. ബ്രഹ്മചാരിയ്ക്കാണ് മഹിമയുണ്ടാകുന്നത്. ചെറിയ കുട്ടികളെ സതോപ്രധാനമെന്നു പറയും, നിങ്ങൾ കുട്ടികൾക്ക് ചിന്ത വരണം- ഞങ്ങൾ ആദ്യമാദ്യം തീർച്ചയായും രാജകുമാരനായി മാറും. യാചകനിൽ നിന്നും രാജകുമാരൻ എന്ന് പാട്ടുമുണ്ട്. യാചകൻ എന്ന് ആരെയാണ് പറയുന്നത്? ആത്മാവിനെത്തന്നെയാണ് ശരീരത്തോടൊപ്പം യാചകൻ അല്ലെങ്കിൽ ധനികൻ എന്ന് പറയുന്നത്. നിങ്ങൾക്ക് അറിയാം ഈ സമയത്ത് എല്ലാവരും യാചകരായി മാറുന്നു. എല്ലാം തീർന്നിരിക്കുന്നു. നിങ്ങൾക്ക് ഈ സമയത്താണ് ശരീരസഹിതം യാചകനായി മാറേണ്ടത്. എത്ര ധനവും സമ്പത്തും ഉണ്ടോ അതെല്ലാം അവസാനിക്കും. ആത്മാവിന് യാചകനായി മാറണം, എല്ലാം ഉപേക്ഷിക്കണം. പിന്നീട് രാജകുമാരനാകണം. നിങ്ങൾക്ക് അറിയാം ധനം സമ്പത്ത് എല്ലാം ഉപേക്ഷിച്ച് യാചകരായി മാറി നമ്മൾ വീട്ടിലേയ്ക്ക് പോകും. പിന്നീട് രാജകുമാരനായി പുതിയ ലോകത്തിൽ വരും. എന്തെല്ലാമുണ്ടോ, അതിനെയെല്ലാം ഉപേക്ഷിക്കണം. ഈ പഴയ സാധനങ്ങൾകൊണ്ട് ഒരു കാര്യവുമില്ല. ആത്മാവ് പവിത്രമായി മാറും പിന്നീട് പാർട്ട് അഭിനയിക്കാനായി വരും. കല്പം മുമ്പത്തേതുപോലെ. എത്രത്തോളം നിങ്ങൾ ധാരണ ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നിങ്ങൾ നേടും. അഥവാ ഇപ്പോൾ ആരുടേയെങ്കിലും കൈയ്യിൽ 5 കോടിയുണ്ടെങ്കിൽപോലും അതും ഇല്ലാതാകും. നമ്മൾ വീണ്ടും നമ്മുടെ പുതിയ ലോകത്തിലേയ്ക്ക് പോവുകയാണ്. നിങ്ങൾ ഇവിടേയ്ക്ക് വന്നിരിക്കുന്നത് പുതിയ ലോകത്തിലേയ്ക്ക് പോകുന്നതിനുവേണ്ടിയാണ്. നമ്മൾ പുതിയ ലോകത്തിലേയ്ക്കായി പഠിക്കുകയാണ് എന്ന് മനസ്സിലാക്കുന്ന സത്സംഗം മറ്റൊന്നില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ബാബ നമ്മളെ ആദ്യം യാചകനാക്കി പിന്നീട് അധികാരിയാക്കി മാറ്റും. ദേഹത്തിന്റെ എല്ലാ സംബന്ധവും ഉപേക്ഷിച്ചാൽ യാചകനായില്ലേ. ഒന്നുമില്ല. ഇപ്പോൾ ഭാരതത്തിൽ ഒന്നുമില്ല. ഇപ്പോൾ ഭാരതം യാചകനും, പാപ്പരുമാണ്. പിന്നീട് സമ്പന്നമാകേണ്ടി വരും. ആരാണ് ആവുന്നത്? ആത്മാവ് ശരീരത്തിലൂടെ ആവുന്നു. ഇപ്പോൾ രാജാവും റാണിയും ഒന്നുമില്ല. അവരും പാപ്പരാണ്, രാജാവിനും റാണിക്കും കിരീടം ഇല്ല. പ്രകാശ കിരീടവുമില്ല രത്നങ്ങൾ പതിച്ച കിരീടവുമില്ല. അന്ധകാരത്തിന്റെ ലോകമാണ്, സർവ്വവ്യാപി എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. പറയുന്നു എല്ലാവരിലും ഭഗവാനുണ്ട്. എല്ലാം ഒന്നാണ്, പട്ടിയിലും പൂച്ചയിലും ഉണ്ട്- ഇതിനെയാണ് പറയുന്നത് അന്ധകാരത്തിന്റെ ലോകം........ നിങ്ങൾ ബ്രാഹ്മണരുടെ രാത്രിയായിരുന്നു. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ജ്ഞാനത്തിന്റെ പകൽ വന്നുകൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ എല്ലാവരും തെളിഞ്ഞ ദീപങ്ങളായിരിക്കും. ഇപ്പോൾ ദീപം തീർത്തും മങ്ങിയിരിക്കുന്നു. ഭാരതത്തിൽ തന്നെയാണ് ദീപം തെളിയിക്കുന്ന ആചാരമുള്ളത്. ബാക്കി ആരും ദീപം തെളിയിക്കുന്നില്ല. നിങ്ങളുടെ ദീപം തെളിഞ്ഞിരിക്കുന്നു. സതോപ്രധാനമായ ലോകത്തിന്റെ അധികാരികളായിരുന്നു, ആ ശക്തി കുറഞ്ഞ് കുറഞ്ഞ് വന്ന് ഇപ്പോൾ ഒട്ടും ശക്തിയില്ലാത്തവരായി മാറി. പിന്നീട് ബാബ വന്നു നിങ്ങൾക്ക് ശക്തി നൽകാൻ. ബാറ്ററി നിറയുകയാണ്. ആത്മാവിന് പരമാത്മാവായ ബാബയുടെ ഓർമ്മയുള്ളതിനാൽ ബാറ്ററി നിറയുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

**ധാരണയ്ക്കുളള മുഖ്യമായ സാരം -**

1) ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, നമുക്ക് തിരിച്ച് പോകണം അതിനാൽ ആത്മാവിന് ബാബയുടെ ഓർമ്മയിലൂടെ സതോപ്രധാനവും പാവനവുമായി തീർച്ചയായും മാറണം. ബാബയ്ക്കു സമാനം ജ്ഞാനസാഗരനും ശാന്തിസാഗരനുമായി ഇപ്പോൾത്തന്നെ മാറണം.

2) ഈ ദേഹത്തിൽ നിന്നുപോലും പൂർണ്ണമായും യാചകനായി മാറുന്നതിനായി ബുദ്ധിയിൽ ഉണ്ടാകണം ഈ കണ്ണുകൾകൊണ്ട് എന്തെല്ലാം കാണുന്നുവോ അതെല്ലാം നശിക്കാനുള്ളതാണ്. നമുക്ക് യാചകനിൽ നിന്നും രാജകുമാരനാകണം. നമ്മൾ പഠിക്കുന്നതുതന്നെ പുതിയ ലോകത്തിലേയ്ക്കുവേണ്ടിയാണ്.

## വരദാനം:- മാന്ത്രികം കാണിക്കുന്നതിന് പകരം അവിനാശീ ഭാഗ്യത്തിന്റെ തിളങ്ങുന്ന നക്ഷത്രമായി മാറുന്ന സിദ്ധി സ്വരൂപരായി ഭവിക്കൂ

ഇന്നത്തെ കാലത്ത് അൽപകാലത്തെ സിദ്ധിയുള്ളവരുണ്ട് അവർ അന്തിമത്തിൽ മുകളിൽ നിന്ന് വന്നത് കാരണം സതോപ്രധാന സ്ഥിതിയനുസരിച്ച് പവിത്രതയുടെ ഫലസ്വരൂപമായി അൽപകാലത്തിന്റെ അദ്ഭുതം കാണിക്കുന്നു എന്നാൽ ആ സിദ്ധി സദാകാലം ഉണ്ടായിരിക്കുകയില്ല എന്തുകൊണ്ടെന്നാൽ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ സതോ രജോ തമോ മൂന്ന് അവസ്ഥകളിലൂടെയും കടന്ന് പോകുന്നു. താങ്കൾ പവിത്ര ആത്മാക്കൾ സദാ സിദ്ധി സ്വരൂപമാണ്, മാന്ത്രികം കാണിക്കുന്നതിന് പകരം തിളങ്ങുന്ന ജ്യോതി സ്വരൂപമാക്കുന്നവരാണ്. അവിനാശീ ഭാഗ്യത്തിന്റെ തിളങ്ങുന്ന നക്ഷത്രമാക്കുന്നവരാണ്, അതുകൊണ്ട് എല്ലാവരും താങ്കളുടെ അടുത്ത് തന്നെ അഞ്ജലി സ്വീകരിക്കുന്നതിനായി വരും.

## സ്ലോഗൻ:- പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടെ വായുമണ്ഢലമുണ്ടെങ്കിൽ സഹയോഗി സഹജയോഗിയായി മാറും.